**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*177 — 07.03.2017 ൽ മറുപടിക്ക്

**പൊതുജനാരോഗ്യമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എ.എം. ആരിഫ്<br>,, കെ.ജെ. മാക്സി<br>,, കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ പൊതുജനാരോഗ്യമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ ജനകീയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി, ആരോഗ്യ കേന്ദ്രങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന എൻ.സി.ഡി ക്ലിനിക്കുകൾ താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ, പ്രധാന ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ യൂണിറ്റുകൾ (സ്ട്രോക്ക് യൂണിറ്റ്) ശ്വാസകോശ രോഗമായ സി.ഒ.പി.ഡി (ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസ്സംഗ്ഷൻ) ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും "ശ്വാസ്" പദ്ധതി ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തുന്നതിനായി അച്യുതമേനോൻ സെന്ററുമായി സഹകരിച്ചുകൊണ്ട് എപ്പിഡമോളജിക്കൽ സർവ്വേ എന്നിവ ആരംഭിച്ചു.<br><br>ഇവ പരിഹരിക്കുന്നതിനായി പൊതുമേഖല ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള താഴെപ്പറയുന്ന ബഹുവിധ പരിപാടികൾക്ക് ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>1. ആർദ്രം മിഷൻ - നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം മിഷനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്.<br><br>എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാതല ആശുപത്രികളിലെയും ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള (OP) പ്രോഗ്രാം.<br><br>ബി) ജില്ലാതല താലൂക്ക്തല ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിച്ചും |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ചികിത്സാ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡത്തോടെ ക്രമീകരിക്കുന്നതാണ്.<br>സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. ഇതിനായി ആദ്യഘട്ടത്തിൽ സംസ്ഥാന വ്യാപകമായി 170 പി.എച്ച്.സി കളെ തെരെഞ്ഞെടുത്തിട്ടുണ്ട്.<br>ഡി) ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ.<br>2.വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആരോഗ്യരംഗത്തെ ഇടപെടലുകൾ മെച്ചപ്പെടുത്താനും ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക നിർണ്ണയ ഘടകങ്ങൾ പരിഹരിക്കാനുള്ള പരിപാടികൾ.<br>3.യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കേരളം ആരോഗ്യ രംഗത്ത് 2020 ഓടെയും 2030 ഓടെയും ആർജ്ജിക്കേണ്ട വികസന ലക്ഷ്യങ്ങളും അതിനായി ചെയ്യേണ്ട പ്രവർത്തന പരിപാടികളും വിദഗ്ധ സമിതികളെ നിയോഗിച്ച് തയ്യാറാക്കുകയുണ്ടായി. |
| (ബി) | പ്രതിസന്ധിയിലായ പൊതു മേഖലാ ഔഷധ കമ്പനിയായ കെ.എസ്.ഡി.പി.യെ പുനരുദ്ധരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ഡി.പി-യെ പുനരുജ്ജീവിപ്പിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ജി.എം.പി. നിലവാരമുള്ള ഒരു ഫാർമ കോംപ്ലക്സ് 5 വർഷത്തിനുള്ളിൽ നിലവിൽ വരുന്നതിന്റെ ആദ്യ പടിയായി 22.52 കോടിയുടെ നോൺ ബീറ്റലാക്ടം പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള ശുപാർശയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വർദ്ധിച്ചു വരുന്ന പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ തുടങ്ങിയ പകർച്ചേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരോഗ്യ വിദ്യാഭ്യാസ പരിപാടി ആരംഭിച്ചിട്ടുണ്ടോ; | (സി) | ജീവിതശൈലീരോഗ ബോധവത്ക്കരണത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ, സ്കൂൾതല പ്രവർത്തനങ്ങൾ, മത്സരങ്ങൾ തുടങ്ങി നിരവധി ബോധവത്കരണ പരിപാടികൾ, പ്രമുഖ ചലച്ചിത്ര താരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുകയും സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും പ്രദർശിപ്പിക്കാവുന്ന രീതിയിൽ വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗർഭിണികളായുള്ള സ്ത്രീകളെ നേരത്തേ കണ്ടെത്തി രജിസ്റ്റർ ചെയ്ത് കൃത്യമായ ഇടവേളകളിൽ ഗർഭകാല പരിചരണം (ആരോഗ്യപരിശോധന, വിളർച്ച തടയുന്നതിന് അയൺ ഗുളിക നൽകൽ, ടി.ടി.കുത്തി വെയ്പ് നൽകൽ) ഏറ്റവും കുറഞ്ഞത് 2 സ്കാനിംഗ് ഉറപ്പാക്കുക, പ്രസവം സുരക്ഷിതമായ സ്ഥലങ്ങളിൽ നടത്തുന്നതിനുള്ള അവസരം ഒരുക്കുക, ഗർഭകാലത്ത് ആരോഗ്യവിദ്യാഭ്യാസം വാർഡ്തലങ്ങളിൽ നൽകൽ, ആശവർക്കർമാർ മുഖാന്തിരം നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നതിനോടൊപ്പം ആരോഗ്യ സ്ഥാപനങ്ങളിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസവം നടക്കുന്ന സ്ഥാപനങ്ങളിൽ പോരായ്മകൾ ഏതെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | കൂടുതൽ മെച്ചപ്പെട്ടസേവനം ഉറപ്പാക്കുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിൽ കെ.എഫ്.ഒ.ജി വിവിധ ഏജൻസികളുടെ സഹകരണത്തോടെ 13 ക്വാളിറ്റി സ്റ്റാന്റേഡ്സ് തയ്യാറാക്കി നടപ്പാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് തത്സ്ഥിതി പരിശോധിച്ച് വിടവ് നികത്തുന്നതിനായി ആശുപത്രി ഉപകരണങ്ങൾ സ്ഥലസൗകര്യം ഒരുക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കി വരുന്നു. ഇതോടൊപ്പം ഡോക്ടർമാർ, നഴ്സ് തുടങ്ങി വിവിധ ഗണത്തിൽപ്പെട്ട ആശുപത്രി ജീവനക്കാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അതുമൂലം സേവനം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുപോലെത്തന്നെ കെ.എഫ്.ഒ.ജിയുടെ സഹകരണത്തോടെ മാതൃമരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ സ്ഥിരമായി പരിശോധന നടത്തി വിവിധ കാരണങ്ങൾ മനസ്സിലാക്കി ഇവ മുൻകൂട്ടിക്കണ്ട് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ശിശുമരണ നിരക്ക് കൂടുതലായി നടക്കുന്ന ദുർഘട മേഖലകളിൽ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗൃഹകേന്ദ്രീകൃത നവജാതശിശു പരിപാലനം തുടങ്ങി ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നവജാത ശിശുതീവ്ര പരിചരണ വിഭാഗങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഗൃഹകേന്ദ്രീകൃത നവജാത ശിശു പരിചരണം പദ്ധതിയിൽ പുതുതായി 250 ഹാംലറ്റ് ആശമാരെ തിരഞ്ഞെടുത്ത് സുശക്തമായ പരിശീലനപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. നവജാത ശിശുതീവ്ര പരിചരണ വിഭാഗം നിലവിലില്ലാത്ത പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർകോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു. നിലവിലെ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രത്യേക പരിശീലന പരിപാടി നടപ്പാക്കുന്നു. കേരളത്തിലെ എല്ലാ സർക്കാർ |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലെയും പ്രസവമുറിയിൽ ജോലിനോക്കുന്ന നഴ്സുമാർക്ക് നവജാത ശിശുപരിചരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടി ഐ.എ.പി യുമായി ചേർന്ന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്, ഇൻഫന്റ് ഡെത്ത് ഓഡിറ്റ് നടപ്പിലാക്കി ഇതുവഴി ആശാവർക്കർമാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയവ വഴി ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാതലങ്ങളിൽ ക്രോഡീകരിച്ച് വിദഗ്ധ സമിതി പരിശോധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി അതനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ